**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ലാബ് അറ്റന്റേർസ് ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാരുടെ ലാബ് അറ്റന്റേർസ് ടെസ്റ്റിന് ഭേദഗതി വരുത്തി പ്രിസ്ക്രൈബ്ഡ് സിലബസ് നിശ്ചയിക്കുന്നതിനും ടെക്സ്റ്റ്ബുക്ക് തയ്യാറാക്കുന്നതിനും ജെ.ആർ3/89/2025-ജി.ഇ.ഡി.എൻ. പ്രകാരം എസ്.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടെക്സ്റ്റ് ബുക്കും സിലബസ്സും എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2026 ഫെബ്രുവരി മാസം പൂർത്തിയാകും. |
| (സി) | എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പേ റിവിഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് പാസ്സാകണമെന്ന് ലാബ് അസിസ്റ്റന്റ് തസ്തികയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യതയായാണ് സ്പെഷ്യൽ റൂളിൽ നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാനയോഗ്യത നേടാത്ത നിരവധി ലാബ് അസിസ്റ്റന്റുമാർ സേവനത്തിൽ ദീർഘകാലമായി തുടർന്നിരുന്നതിനാൽ കാലാകാലങ്ങളിലായി വിവിധ സർക്കാർ ഉത്തരവുകളിലൂടെ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ ടെസ്റ്റ് യോഗ്യത നേടണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ളതാണ്. എന്നാൽ മൂന്നിൽ കൂടുതൽ അവസരങ്ങൾക്ക് ശേഷവും ടി അടിസ്ഥാന യോഗ്യത നേടാത്ത നിരവധി ലാബ് അസിസ്റ്റന്റുമാർ സേവനത്തിൽ തുടരുന്നുണ്ട്. സ.ഉ (പി) 144/2001/ പൊ.വി.വ തീയതി 16/04/2001 (എസ്.ആർ.ഒ. നമ്പർ.411/2001 ) പ്രകാരം ഉത്തരവായിട്ടുള്ള The Kerala Higher Secondary Education Subordinate ൽ റൂളിനു മുൻപ് (16/04/2001 നു മുൻപ്) നിയമിതരായ ലാബ് അസിസ്റ്റന്റുമാരെ മേൽ ലാബ് |

| | | | |
|---|---|---|---|
| | | | അറ്റൻഡേഴ്സ് ടെസ്റ്റ് പാസാകുന്നതിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇതിനു പുറമെ അമ്പതു വയസ്സ് കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാരെയും പ്രസ്തുത ടെസ്റ്റ് പാസാകുന്നതിൽ നിന്ന് ഒഴിവാക്കി 12/03/2024 തീയതിയിലെ സ.ഉ.(പി) 10/2024/പൊ.വി.വ., 13/03/2024 തീയതിയിലെ സ.ഉ (പി) 11/2024/ പൊ.വി.വ നമ്പർ ഉത്തരവുകൾ നൽകിയിട്ടുണ്ട്. നേരിട്ടുള്ള നിയമനം, തസ്തികമാറ്റ നിയമനം എന്നിവ പ്രകാരം നിലവിൽ സേവനത്തിൽ തുടരുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് യോഗ്യത നേടാത്ത എല്ലാ ലാബ് അസിസ്റ്റന്റുമാർക്കും പി.എസ്.സി. നടത്തുന്ന അടുത്ത 3 പരീക്ഷകളിൽ ഏതിലെങ്കിലും വിജയിക്കുന്നതുവരെ ടെസ്റ്റ് യോഗ്യത നേടുന്നതിന് ഇളവ് അനുവദിച്ചുകൊണ്ട് അവരവരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് അനുമതി നൽകി 16.08.2006ലെ സ.ഉ(സാധാ) 3588/2006/ പൊ.വി.വ., 15.12.2014 ലെ സ.ഉ.(സാധാ)നം. 5567/2014/പൊ.വി.വ., 08.02.2022 ലെ സ.ഉ. (സാധാ) നം. 637/2022/പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. നിലവിൽത്തന്നെ ഒരു വിഭാഗം ലാബ് അസിസ്റ്റന്റുമാർ പ്രസ്തുത ടെസ്റ്റ് വിജയിച്ച് അടിസ്ഥാനയോഗ്യത നേടിയിട്ടുണ്ടെന്നതും, അടിസ്ഥാന യോഗ്യതയിൽ കൂടുതൽ ഇളവ് അനുവദിക്കുന്നത് അഭികാമ്യമല്ലെന്നും 31/07/2024 ലെ സ.ഉ.(സാധാ) നം. 4742/2024/GEDN ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് പാസാവുന്നതിൽ ഇളവ് അനുവദിച്ച മാതൃകയിൽ ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റുമാർക്കും ലാബ് അറ്റന്റേർസ് ടെസ്റ്റ് പാസാവുന്നതിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ